പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 353 — 12.06.2012-ൽ മറുപടിയ്ക്ക്

കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഗാർഹിക ഉപഭോക്താക്കൾക്ക് എത്ര ദിവസം എത്ര സമയം വീതം ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു ; | (എ) | 63 ദിവസം വൈകുന്നേരങ്ങളിലെ അധിക ഉപഭോഗ സമയത്ത് 6.30 മുതൽ 10.30 വരെ അരമണിക്കൂർ വീതം സൈക്ളിക്ക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു. |
| (ബി) | സംസ്ഥാനത്തിന് ഇപ്പോൾ ശരാശരി എത്ര യൂണിറ്റ് വൈദ്യുതി ആവശ്യമുണ്ട് ; | (ബി) | 2012 ജൂൺ മാസ ത്തെ ശരാശരി ഉപഭോഗം (04-06-2012 വരെ) 58.62 Mu (ദശലക്ഷം യൂണിറ്റ്) ആണ്. പരമാവധി ഉപഭോഗം 60.80 Mu വരെ ആയിരുന്നു. |
| (സി) | കേന്ദ്ര പൂളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ലഭിക്കാൻ അർഹതയുണ്ട് ; | (സി) & (ഡി) | 1498.62 മെഗാവാട്ട് അനുവദിച്ചിട്ടുണ്ട്. ലഭിയ്ക്കുന്ന വൈദ്യുതിയുടെ അളവ് കേന്ദ്ര നിലയങ്ങളിലെ പ്രതിദിന ഉല്പാദനത്തിനനുസൃതമാണ്. അടച്ചിടുന്ന ജനറേറ്ററുകളിൽ നിന്നൊഴികെ കേന്ദ്ര വിഹിതം പൂർണ്ണമായി ലഭിയ്ക്കുന്നുണ്ട്. ജൂൺ മാസത്തെ (04-06-2012 വരെ) പ്രതിദിന ശരാശരിയായി 25.542 Mu (ദശലക്ഷം യൂണിറ്റ്) കേന്ദ്ര വിഹിതം ലഭിച്ചു. പരമാവധി 29.01 Mu വരെ ലഭിച്ചിട്ടുണ്ട്. |
| (ഡി) | അർഹതപ്പെട്ട അളവ് വൈദ്യുതി കേന്ദ്ര പൂളിൽ നിന്നും ലഭിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.